ഇന്ത്യാ ഗവൺമെന്റിന്റെ (NCVT) അംഗീകാരത്തോടെ 1997 ൽ ആരംഭിച്ച തൊഴിൽ പരിശീലന കേന്ദ്രമാണ് സലഫി കോളേജ് ഓഫ് എൻജിനിയറിംഗ് & പ്രൈവറ്റ് ഐ.ടി.ഐ. ന്യൂനപക്ഷപദവിയും സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.സലഫിയ്യാ അസോസിയേഷൻ എന്ന ചാരിറ്റബിൾ സംഘടനയാണ് സ്ഥാപനം നടത്തുന്നത്.

ലക്ഷ്യങ്ങൾ: വിദ്യാസമ്പന്നരായ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുക.സ്വയം തൊഴിൽ കണ്ടെത്താനുള്ള സാങ്കേതിക വൈദഗ്ദ്യം നൽകുക തൊഴിൽ ശാലകൾക്കനുയോജ്യമായ തൊഴിൽ നൈപുണ്യം ഉള്ളവരാക്കി മാറ്റുക എന്നിവയാണ് ഈ പരിശീലന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

## കോഴ്സുകളും വിദ്യഭ്യാസ യോഗ്യതയും :

1. പ്ലസ്ടു, വി.എച്ച്.എസ്.ഇ ജയിച്ചവർക്കും എസ്.എസ്.എൽ.സി ക്കാർക്കും തത്തുല്യ യോഗ്യതയുള്ളവർക്കും പ്രവേശനം നൽകുന്നതാണ്. മെട്രിക്ക്/നോൺ മെട്രിക്ക് ട്രേഡുകളിലേക്ക് എസ്.എസ്.എൽ.സി ക്ക് ഇംഗ്ലീഷ്,കണക്ക്,സയൻസ് (കെമിസ്ട്രി, ഫിസിക്സ്) എന്നീ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേയ്ഡിന്റെ അടസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്.ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഗ്രേസ് മാർക്ക് നൽന്നതാണ്.

2. രണ്ട് വർഷത്തെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ,ഒരു വർഷത്തെ പ്ലംബർ, കെ.എസ്.ഇ.എൽ.ബി വയർമാൻ ലൈസൻസിമഗ് കോഴ്സ്എന്നിവയാണ് ഇപ്പോൾ സ്ഥാപനത്തിൽ നടന്നുവരുന്നത്.

3. 01.08.2020 ന് 16 വയസ്സ് തകഞ്ഞവർക്കും 35 വയസ്സ് കവിയാത്തവർക്കുമാണ് ഐ.ടി.ഐ യിൽ പ്രവേശനം നൽകുന്നത്. ഓരോ വർഷവും ആഗസ്റ്റ് മുതലാണ് കോഴ്സുകൾ ആരംഭിക്കുന്നത്.

4. രണ്ട് ഷിഫ്റ്റുകളിലായി തിങ്കൾ മുതൽ ശനി വരെയാണ് പ്രവർത്തി സമയം. ഐ.ടി.ഐകൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലനകേന്ദ്രങ്ങളാണ്.

5. നിശ്ചിത സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.വിമുക്ത ഭടൻമാർക്ക് സർക്കാർ നിയമമനുസരിച്ചുള്ള പരിഗണന നൽകുന്നതാണ്.

6. NCVT  പരീക്ഷ എഴുതാൻ പരിശീലനാർത്ഥികൾക്ക് 80% ഹാജർ നിർബന്ധമാണ്. 10 അദ്ധ്യയനദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നവരെ വിടുതൽ ചെയ്യുന്നതും ഹാജരാവാതിരുന്ന ആദ്യ ദിവസം മുതൽ പ്രാബല്യത്തോടുകൂടി അവരുടെ പേര് രേഖകളിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

7. അഖിലേന്ത്യാ പരീക്ഷയ്ക്ക് സർക്കാർ നിശ്ചയിച്ച  പരീക്ഷാ ഫീസ് നിശ്ചിത സമയത്ത് അടയ്ക്കാൻ പരിശീലനാർത്ഥികൾ ബാദ്ധ്യസ്ഥരാണ്. ഈ പരീക്ഷയിൽ പാസായവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. ട്രെയിനിംഗ് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിൽ (ചടതഢഎ) ഉൾപ്പെട്ടിരിക്കുന്നു.ധർമ്മ നിഷ്ടയോടെ പരിശീലനത്തിൽ മികവ് നേടാൻ പ്രവേശനം നേടിയവർ പരിശ്രമിക്കേണ്ടതാണ്.

8.പരിശീലകരുടെ മികവിനും അച്ചടക്കത്തിനും സ്ഥാപനം ഏർപ്പെടുത്തുന്ന പെരുമാറ്റ മര്യാദകൾ പാലിക്കാൻ പരിശീലകർ ബാധ്യസ്ഥരാണ്.പരിശീലന സമയത്ത് ഏതെങ്കിലും ഉപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലനാർത്ഥികളുടെ കോഷൻ ഡപ്പോസിറ്റിൽ നിന്നും ഈ തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡപ്പോസിറ്റ് അടയ്ക്കാൻ പരിശീലനാർത്ഥി ബാദ്ധ്യസ്ഥനാണ്. വിദ്യാർത്ഥികളുടെ കാരണത്താൽ ഉണ്ടാവുന്ന എല്ലാ നഷ്ങ്ങൾക്കും രക്ഷിതാവ് കൂടി ഉത്തരവാദി ആയിരിക്കും

9. തെരെഞ്ഞെടുക്കപ്പെടുന്നവർ അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള അസ്സൽ ടി.സി ,സ്വഭാവ സർട്ടിഫിക്കറ്റ്, അപേക്ഷയുടെ കൂടെ അയയ്ക്കുന്ന മറ്റു രേഖകളുടെ ശരിപ്പകർപ്പുകൾ എന്നിവ പ്രവേശനസമയത്ത് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ സ്ഥാപനം വാങ്ങിവെക്കുന്നതുമാണ്.കോഴ്സ് കഴിയുന്നതു വരെ തിരിച്ചുനൽകുന്നതുമല്ല.

10. പ്രവർത്തി ദിവസങ്ങൾ,ഫീസ് അടച്ച വിവരം,പെരുമാറ്റചട്ടം,ഹാജർ നില, പഠന നിലവാരം എന്നിവ ഓരോ ദിവസവും രക്ഷിതാക്കൾ ഡയറിയിൽ പരിശോധിക്കേണ്ടതാണ്.

## അപേക്ഷ സമർപ്പിക്കേണ്ട വിധം :

പ്രവേശനഫോറം 100 രൂപയ്ക്ക് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.പൂരിപ്പിച്ച അപേക്ഷ താഴെ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഓഫീസിൽ എത്തിക്കേണ്ടതാണ്. പൂർണ്ണമല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

1. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി

2. സ്കൂൾ/ജില്ലാ/സംസ്ഥാന കലാ-കായിക മത്സരങ്ങളിൽ ലഭിച്ച സർട്ടിഫിക്കറ്റ്.

വയർമാൻ കോഴ്സ് പൂർത്തിയായ 18 വയസ്സ് തികഞ്ഞവർക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ ലൈസൻസ് ലഭിക്കുന്നതാണ്.മെയ് മാസത്തിലാണ് ഇത് സംബന്ധിച്ച പരീക്ഷ നടത്തുക.

## ഫീസ് വിവരങ്ങൾ

ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ കോഴ്സുകൾക്ക് പ്രവേശന സമയത്ത് അഡ്മിഷൻ ഫീസ്-1000, കോഷൻ ഡപ്പോസിറ്റ് -1500, യൂണിഫോം & റക്കോർഡ്-1500, പി.ടി.എ-1000 രൂപ പീതം നൽകേണ്ടതാണ്.

ഡ്രാഫ്റ്റ്സ്മാൻ സിവിൽ കോഴ്സിന് ട്രൈനിംഗ് ഫീസ് ആയി 32000രൂപയും മൈന്റനൻസ് ഫീസ് ആയി 10000 രൂപയും സ്പെഷൽ ഫീസ് ആയി 6000 രൂപയും ചേർത്ത് ആകെ 53000 രൂപയാണ് 2 വർഷത്തെ ഫീസ്. അതിൽ 38000 രൂപ അഡ്മിഷൻ സമയത്ത് തന്നെ അടക്കേണ്ടതാണ്. രണ്ടാം വർഷ ഫീസ് ക്ലാസ് തുടങ്ങുന്ന ആദ്യമാസം മുതൽ ആ മാസം അവസാനം വരെ അടക്കാവുന്നതാണ്. പ്ലംബർ & വയർമാൻ കോഴ്സിന് ട്രൈനിംഗ് ഫീസ് ആയി 24000 രൂപയും മൈന്റനൻസ് ഫീസ് ആയും 3000 രൂപയും സ്പെഷൽ ഫീസ് ആയി 3000രൂപയും ചേർത്ത് ഒരു വർഷത്തേക്ക് 35000 രൂപയാണ് അടയ്ക്കേണ്ടത്. അതിനിടയ്ക്ക് ഫീസ് അടയ്ക്കാത്ത പക്ഷം ഓരോ ആഴ്ച വൈകുന്നതിലും 200 രൂപവീതം ഫൈൻ അടയ്ക്കേണ്ടതാണ്.എന്നാൽ ഒരുമാസത്തിനകം അടയ്ക്കാത്തപക്ഷം ക്ലാസിൽ ഇരിക്കാൻ അനുവധിക്കാതെയും ഹാജർ നൽകാതെയും മാറ്റിനിർത്തും. തുടർന്ന് വിടുതൽ ചെയ്യും. കോഷൻ ഡപ്പാസിറ്റ്കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് വാങ്ങുമ്പോഴാണ് സാധാരണ നിലയ്ക്ക് നൽകുക. കോഴ്സ് പൂർത്തിയാക്കാതെ ഇടക്കാലത്ത് പോകുന്നവർക്ക് കോഷൻഡപ്പോസിറ്റ് നൽകുന്നതല്ല. അവർ പൂർത്തിയാക്കാനുള്ള സെമസ്റ്റർ ഫീസും കൂടി നൽകിയ ശേഷം മാത്രമേ ടി.സി യും സർട്ടിഫിക്കറ്റും തിരിച്ചു നൽകുകയുള്ളൂ. ഫീസ് ഒന്നിച്ച് നൽകാൻ പ്രയാസമുള്ളവർ മാനേജ്മെന്റിനെ സമീപിച്ചാൽ ഗഡുക്കളായി അടക്കാൻ അനുവദിക്കുന്നതാണ്. എന്നാൽ തവണവ്യവസ്ഥ ലംഘിച്ചാൽ അതിൽ മേൽ പ്രകാരമുള്ള നടപടി ഉണ്ടായിരിക്കുന്നതാണ്.

പ്രിൻസിപ്പാൾ